**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **06-07-2022 - ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും അതുവഴി ഉണ്ടാകുന്ന അക്രമവാസനകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ പൊതുവിലും വിദ്യാർത്ഥികളിൽ പ്രത്യേകിച്ചും വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും, അതുവഴി ഉണ്ടാകുന്ന അക്രമവാസനകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് പ്രത്യേകമായ നടപടിയും, വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിപുലമായ കാമ്പയിനും നടത്താൻ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്ത് യുവജനങ്ങളിൽ മയക്കു മരുന്നിന്റെ ഉപയോഗത്തിനെതിരെ സ്കൂൾ തലം മുതലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികച്ച രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്നു വിൽപന തടയുന്നതിനായി സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരന്തരമായ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും വിദ്യാർത്ഥികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും പോലീസ് സ്റ്റേഷൻ പരിധിയിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തരമായ റെയ്ഡുകൾ സംഘടിപ്പിച്ചും ജില്ലാ തലത്തിൽ രൂപീകരിച്ച ഡാൻസാഫ് (ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) സ്ക്വാഡ് മയക്കുമരുന്ന് വിൽപന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രദ്ധതി, ജനമൈത്രി സുരക്ഷാ പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് തുടങ്ങിയ വിവിധ പദ്ധതികൾ വഴി വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 'യോദ്ധാവ് ' എന്ന മൊബൈൽ അപ്ലിക്കേഷൻ മുഖേന മയക്ക് മരുന്നിന്റെ ഉപയോഗവും വിതരണവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ പോലീസിന് കൈമാറാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ